21 (1564) തൃക്കരിപ്പൂർ മണ്ഡലത്തിലെ വൈദ്യുതീകരിക്കാത്ത കോളനികൾ

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കണ്ണൂർ ജില്ലയിൽപ്പെട്ട പെരിങ്ങോം, വയക്കര, കാകോൽ, ആലപ്പടപ്പ്, കരിവെള്ളൂർ, പെരളം എന്നീ പഞ്ചായത്തുകളിലെ ഏതെല്ലാം പട്ടികജാതി കോളനികളാണ് ഇനിയും വൈദ്യുതീകരിക്കാൻ ബാക്കിയുള്ളതെന്ന് അറിയിക്കുമോ;

(ബി) വൈദ്യുതീകരണം ഇനിയും ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) പെരിങ്ങോം വയക്കര പഞ്ചായത്തിലെ കാനം വയൽ, കോഴിച്ചാൽ, പടത്തുവയൽ, കണ്ണങ്കൈ, കൊരംപക്കല്ല്, നെടംപാൽ, കാനിച്ചാൽ, പാടി, പാലംതട്ട എന്നീ കോളനികളും കാകോൽ, ആലപ്പാട് പഞ്ചായത്തിലെ ആലക്കാട്, ഡൊമ്മാറെബി, കോലാച്ചിക്കുണ്ട്, ആലപ്പടപ്പ് എന്നീ കോളനികളും വൈദ്യുതീകരിച്ചിട്ടില്ല. ചൂരൽ ചക്ളിയ കോളനിക്ക് വൈദ്യുതീകരണത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. കരിവെള്ളൂർ പെരളം പഞ്ചായത്തിലെ എല്ലാ കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്.

(ബി) സാങ്കേതിക കാരണങ്ങളാലും ഫണ്ടിന്റെ അപര്യാപ്തത കൊണ്ടും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

22 (1565) തൃക്കരിപ്പൂർ മണ്ഡലത്തിൽപ്പെട്ട വൈദ്യുതീകരിക്കാത്ത കോളനികൾ

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിൽപ്പെട്ട വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി, പടന്ന, തൃക്കരിപ്പൂർ, വലിയപറമ്പ്, കയ്യൂർ, ചീമേനി എന്നീ പഞ്ചായത്തുകളിൽ ഇനിയും വൈദ്യുതീകരിക്കാത്ത പട്ടിക ജാതി-പട്ടികവർഗ്ഗ കോളനികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഈ കോളനികൾ ഇനിയും വൈദ്യുതീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈദ്യുതീകരിക്കാത്ത പട്ടികജാതി കോളനികളുടെ വിവരം താഴെ പറയുന്നു.

വെസ്റ്റ് എളേരി : മേലടുക്ക, പുത്തരിയൽ, മുക്കട, കൂവപ്പാറ, കോട്ടമല, കാവുക്കാട്, വളഞ്ഞങ്ങാനം, കാവുംതല, കുളത്തുകാട്, മുടത്തൻപാറ, കിണറ്റടി, പറമ്പ, ഒറ്റക്കവുങ്ങ, കുറ്റിത്താലി, ആനത്തടി, അതിരുമാവ്, മുട്ടോംകടവ്, കാറ്റാംകവലി, ചാമക്കുളം, തെണ്ടിക്കാൻ, ചാത്തമന.

LIBRARY ARCHIVES Kerala Legislative Assembly

ഈസ്റ്റ് എളേരി : മുത്തനടിത്തട്ട്, അയയ്ക്കാത്തട്ട്, നിരത്തുംതട്ട്, നെല്ലിക്കാമല, കുണ്ടാരം, എക്കൽ, വാഴിക്കാനം, കൂട്ടക്കുഴി.

പടന്ന : പൊയ്ത്തൂർ

തൃക്കരിപ്പൂർ, വലിയപ്പറമ്പ് : ഇവിടെ വൈദ്യുതീകരിക്കാത്ത കോളനികൾ ഇല്ല.

കയ്യൂർ-ചീമേനി : അത്തുങ്കി, കുപ്പമന, പൂത്താംകണ്ട്, ചാതുടുക്കം, പാംപിരിക്കാര, പനവും, ഇടക്കാനം, ചീമേനി, പയ്യറാട്ട്, ആനക്കല്ല്, ഇച്ചിത്തിടിൽ, മുണ്ട, മുളക്കോം, കിഴക്കേക്കര, കാലിച്ചാംപൊയിൽ, പുനിക്കുന്ന്.

മേൽപ്പറഞ്ഞ പഞ്ചായത്തുകളിൽ പട്ടികവർഗ്ഗ കോളനികൾ ഇല്ല.

(ബി) ഫണ്ടിന്റെ അപര്യാപ്തതമൂലമാണ്. എങ്കിലും ധനലഭ്യതക്കനുസരണമായി കോളനികൾ ഘട്ടംഘട്ടമായി വൈദ്യുതീകരിക്കുന്നതാണ്.

23 (1566) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ വീടുകളുടെ വൈദ്യുതീകരണം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾപ്രദേശ വാസസ്ഥലങ്ങളിലുള്ള പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വൈദ്യുതീകരണ പണികൾ പൂർത്തിയാക്കിയിട്ടുള്ള വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്ന പരിപാടിയനുസരിച്ച് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്;

(ബി) ഏതെല്ലാം പ്രദേശത്തെ വീടുകൾക്കാണ് ഇപ്രകാരം വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 12,031 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) സ്ഥലങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

24 (1567) കേരളോത്സവം

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. എൻ. കണ്ണൻ :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. രാജു എബ്രഹാം :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളോത്സവം സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly